പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3106

15.02.2013 ൽ
മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് എല്ലാ ബി.പി.എൽ കാർഡുടമകൾക്കും കിലോയ്ക്ക് 1 രൂപ നിരക്കിൽ 25 കിലോ അരിയും 2.00 രൂപ നിരക്കിൽ 10 കിലോ ഗോതമ്പും എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ 9 കിലോ അരിയും 3 കിലോ ഗോതമ്പും വിതരണം ചെയ്യുന്നു. ഒ.എം.എസ്.എസ് നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള ഉയർന്ന ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് വിതരണത്തിനായി 132725 മെ. ടൺ അരിയും 54211 മെ. ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി. എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി 1 രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിനു പുറമെ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും വിതരണം ചെയ്യുകയും ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത 4 മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സപ്ലൈകോയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണി വിലയേക്കാൾ 50% വരെ വിലക്കുറച്ച് |

നൽകി വിപണിയിൽ വിലനിലവാരം പിടിച്ചു നിർത്തുന്നുണ്ട്. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം മട്ട അരി കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിർക്കിലും കുറുവ അരി 19 രൂപ നിരക്കിലും ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ നിരക്കിലും പച്ചരി 21 രൂപ നിരക്കിലും സപ്ലൈകോ വഴി വിതരണം ചെയ്യുന്നു. അരിയും പല വ്യഞ്ജനങ്ങളും കൂടാതെ പ്രധാനപ്പെട്ട മറ്റ് ഉപഭോഗ സാധനങ്ങളും എം.ആർ.പി യേക്കാളും വില കുറച്ച് സപ്ലൈകോ വഴി വിതരണം നടത്തുന്നു.

ബി) പ്രസ്തുത നടപടികളുടെ ഫലമായി വിലക്കയറ്റം ഏതെല്ലാം തരത്തിൽ നിയന്ത്രണ വിധേയമായി എന്ന് വ്യക്തമാക്കുമോ ;

സി) ഇപ്പോഴും അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർക്കാർ സംവിധാനങ്ങളൊക്കെ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ; പരാജയപ്പെട്ടെങ്കിൽ എന്തുകൊണ്ടാണെന്നും എന്നറിയിക്കുമോ ?

ബി) യും സി) യും

സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 2 മാസത്തെ തിരുവനന്തപുരം സെന്ററിലെ അവശ്യവസ്തുക്കളുടെ വില നിലവാരപ്പട്ടിക, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്നത് അനുബന്ധമായി ചേർക്കുന്നു. പല അവശ്യവസ്തുക്കളുടെയും ജനുവരി 31-ലെ വില ഡിസംബർ 31- ലെ വിലയേക്കാൾ കുറവാണ്. ഇതിൽ നിന്നും സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാണെന്ന് കാണാം.

സെക്ഷൻ ഓഫീസർ

ആലപ്പുഴ

| COMMODITY | 31/12/2012 | 31/01/2013 |
|---|---|---|
| | Rs./Kg | Rs./Kg |
| RICE | 36 | 36 |
| WHEAT | 28 | 28 |
| GREEN GRAM DHAL | 80 | 82 |
| GREEN GRAM | 70 | 70 |
| BLACK GRAM SPLIT W/o husk | 64 | 62 |
| BLACK GRAM SPLIT with husk | 56 | 55 |
| RED GRAM | 77 | 70 |
| TUR DHAL | **74.00 | 72 |
| BENGAL GRAM BOLD | 72 | 70 |
| BENGAL GRAM SMALL | NR | NR |
| PEAS DHALL | 37 | 37 |
| MASOOR DHALL (RED) | 42 | 42 |
| SUGAR | 38 | 36 |
| GROUND NUT OIL | 0 | 0 |
| MUSTARD OIL | NR | NR |
| VANASPATHY | 85 | 82 |
| TEA(LOOSE) 500g | 80 | 80 |
| TEA(PKD) 500 g | 118 | 118 |
| CORRIANDAR | 67 | 75 |
| CHILLIES DRY | 77 | 78 |
| POTATO | *27.00 | 29 |
| ONION | *44.00 | 42 |
| SAVOLA | 26 | 30 |
| SALT(PKD) | 8 | 8 |
| SALT(LOOSE) | NA | NA |
| GUR | *44.00 | 44 |
| MILK(Cow's) | 32 | 32 |
| ATTA(wheat Flour) | 29 | 29 |
| PALMOLEIN Per Ltr | 55 | 55 |
| SOYA OIL | NA | NA |
| Sunflower oil per Ltr | 88 | 90 |
| Brinjal | *16.00 | 24 |
| Cabbage | 16 | 16 |
| Tomato | **24.00 | 20 |